**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4208</u>** **<u>18-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഔദ്യോഗിക വാഹനങ്ങളുടെ അനധികൃത ഉപയോഗം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് ഔദ്യോഗിക വാഹനത്തിൽ വീട്ടിൽ നിന്നും ഓഫിസിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുവാൻ അനുമതി ഉള്ളത്; | (എ) | സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള 24.02.2003 –ലെ സ.ഉ (കൈ) നം.113/2003/ധന ഉത്തരവിലെ Annexure പ്രകാരം Residence/Railway Station/Bus Station എന്നിവിടങ്ങളിൽ നിന്നും ഓഫിസിലേയ്ക്ക് KSR ചട്ടങ്ങൾ അനുശാസിക്കുന്ന ദൂരത്തിൽ പ്രതിദിനം രണ്ട് ഔദ്യോഗിക യാത്ര മാത്രമായി ക്ലിപ്തപ്പെടുത്തിക്കൊണ്ട് ഔദ്യോഗിക വാഹനം ഉപയോഗിക്കാവാൻ അനുമതിയുള്ള സർക്കാർ/പൊതുമേഖലാ/സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ നൽകുന്നു.<br><br>1. The Principal Secretaries/Secretaries/Special Secretaries to Government.<br><br>2. Commissioners of Commissionerates.<br><br>3. The District Collectors.<br><br>4. Judicial Officers of and above the rank of District Judges.<br><br>5. Police Officers of and above the rank of Commissioner/Superintendent in Home Department |

| | | | |
|---|---|---|---|
| | | | 6. Officers of and above the rank of Conservator of Forest.<br><br>7. Registrar of Co-operative Societies.<br><br>8. Labour Commissioner.<br><br>9. Chief Engineers.<br><br>10. All major Heads of Departments.<br><br>11. Chief Executives of Public Sector Undertakings, Heads of Autonomous Bodies, etc. |
| (ബി) | ചട്ട പ്രകാരം അനുമതി ഇല്ലാത്ത ഉദ്യോഗസ്ഥരെ സർക്കാർ വാഹനത്തിൽ വീട്ടിൽ നിന്നും റെയിൽവേ സ്റ്റേഷനുകളിൽ നിന്നും ഓഫിസിലേയ്ക്ക് കൊണ്ടുവരികയും പോകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | പരാതികൾ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പല സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ വാഹനങ്ങളും ഉദ്യോഗസ്ഥരുടെ സ്വകാര്യ ആവശ്യങ്ങൾക്കായി പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഉപയോഗിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ധനകാര്യ പരിശോധന വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പരാതികൾ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ